ഖാദി മേഖലയിലെ വ്യവസായങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കാൻ നടപടി

2 (*62)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. പി.കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾക്ക് 2000 ജനുവരി ഒന്നു മുതൽക്കുള്ള വിൽപ്പന നികുതി കുടിശ്ശിക അടയ്ക്കുന്നതിന് അധികൃതർ നോട്ടീസ് നൽകിയിട്ടുണ്ടോ;

(ബി) ഖാദി കമ്മിഷൻ നിയമത്തിലെ പട്ടികയിൽ ഉൾപ്പെടുന്ന ഉൽപ്പാദനം നടത്തുന്ന ഉൽപ്പന്നങ്ങൾക്ക് നികുതി ചുമത്തുന്നതും ഉൽപ്പാദനം നടക്കാത്ത ഉൽപ്പന്നങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കിയതും സംസ്ഥാനത്തിലെ ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളെ വിഷമിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഖാദി മേഖലയിലെ വ്യവസായങ്ങളെ തമിഴ്നാട്, പോണ്ടിച്ചേരി, കർണ്ണാടക സംസ്ഥാനങ്ങൾ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതുപോലെ നമ്മുടെ സംസ്ഥാനവും ഇത്തരം വ്യവസായങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കി ഖാദി വ്യവസായ മേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) ഉണ്ട്.

(ബി) ഖാദി കമ്മിഷൻ ആക്ടിന്റെ പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഉൽപ്പാദന പ്രക്രിയയുള്ള 21 ഇനം വ്യവസായങ്ങളെ എസ്.ആർ.ഒ.291/2000 പ്രകാരം 1-4-2000 മുതൽ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) ഖാദി വ്യവസായ മേഖലയിൽ വ്യവസായങ്ങളെ 1-1-2000 മുതൽ 10 ലക്ഷം രൂപ വരെ വിറ്റ് വരവിന് നികുതി ഒഴിവ് ബാധകമാക്കിയിരുന്നു. 1-4-2000 മുതൽ വിറ്റ് വരവ് പരിധിയില്ലാതെ 21 വ്യവസായങ്ങളെക്കൂടി നികുതിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത വ്യവസായങ്ങളുടെ പട്ടിക അനുബന്ധമായി† ചേർത്തിട്ടുണ്ട്. ഇതിനുപുറമേ മേൽപ്പറഞ്ഞ ലിസ്റ്റിൽപ്പെടാത്ത ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മിഷൻ ഓഫ് ഇൻഡ്യയുടേയും അതിന്റെ അംഗീകൃത ഖാദി ആന്റ് വില്ലേജ് യൂണിറ്റുകളുടേയും കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റേയും അംഗീകൃത യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളുടേയും നികുതി നിരക്ക് 4 ശതമാനമായി കുറവ്ചെയ്തിട്ടുണ്ട്. മറ്റ് കാര്യങ്ങൾ പരിശോധിച്ചുവരികയാണ്.

ശ്രീ. പി.കെ.കെ. ബാവ : സർ, ഖാദി മേഖലയിലെ വ്യവസായങ്ങളെ ഭാഗികമായും ചില വ്യവസ്ഥകൾക്ക് വിധേയമായും നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞത്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ വ്യവസായങ്ങളെ നികുതിയിൽനിന്നും പൂർണ്ണമായും ഒഴിവാക്കിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന കാര്യവും അദ്ദേഹം ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൂർണ്ണമായി ഖാദി മേഖലയിലെ വ്യവസായങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ ഖാദി ആക്ടിന്റെ ഷെഡ്യൂളിൽ വരുന്ന 21 വ്യവസായങ്ങളെ ഒഴിവാക്കിയത് ഫ്ളോർ റേറ്റ്സ് ഏകീകരണത്തിന്റെ ഭാഗമായിട്ടാണ്. പിന്നെ ഖാദി യൂണിറ്റുകൾക്ക് 4 ശതമാനം നികുതി. ഇതേ സാധനംതന്നെ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസിൽ ഉണ്ടാക്കിയാൽ അതിന് 8 ശതമാനമാണ് ഇപ്പോൾ നികുതി. എസ്-എസ്.ഐ. യൂണിറ്റുണ്ടാക്കുന്ന സാധനമാണെങ്കിൽ അതിന് 8 ശതമാനമാണ് നികുതി. ഖാദി യൂണിറ്റുണ്ടാക്കുന്ന സാധനമാണെങ്കിൽ അതിന് 4 ശതമാനമാണ് നികുതി. ഖാദി യൂണിറ്റിലെ 21 ഇനങ്ങൾക്കു പുറമേ എയർകണ്ടീഷണർ ഉണ്ടാക്കുന്ന ഖാദി യൂണിറ്റുകളും ഉണ്ട്. കമ്പ്യൂട്ടർ കമ്പോണന്റ്സ് യോജിപ്പിക്കുന്ന ഖാദി വ്യവസായമുണ്ട്. അതേ വ്യവസായംതന്നെ സ്മാൾ സ്കെയിൽ രംഗത്തും ആയിരക്കണക്കിനുണ്ട്. അവർക്ക് 8 ശതമാനമാണ് നികുതി. ഇവർക്ക് 4 ശതമാനം. അതുകൊണ്ട് ഒന്ന് ആലോചിച്ച് ചെയ്യേണ്ട കാര്യമാണ്. ബിൽ ട്രാൻസ്ഫർ നടത്തും. ഇതെല്ലാംകൂടി ഒരുമിച്ച് ഒഴിവാക്കിയാൽ, സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസിൽ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ ഇവിടത്തെ ബിൽ ചെയ്തിട്ട് വിറ്റാൽ ടാക്സ് ഉണ്ടാകില്ല. ബിൽ ട്രാൻസ്ഫർ എന്ന loophole ഉള്ളതുകൊണ്ടാണ് ഇങ്ങനെ ചെയ്തത്. ഫ്ളോർ റേറ്റ്സിനെ സംബന്ധിച്ചുള്ള ഫൈനൽ ഡിസിഷൻ എടുക്കാൻവേണ്ടി നാളെ മുഖ്യമന്ത്രിമാരുടേയും ധനകാര്യ മന്ത്രിമാരുടേയും അഖിലേന്ത്യാതലത്തിലുള്ള യോഗം ഡൽഹിയിൽ ചേരുകയാണ്. അതിൽ ഞാൻ എഴുതികൊടുത്ത ഒരു ഐറ്റം, ഇൻഡ്യയിൽ ഏതെല്ലാം ഖാദി വ്യവസായങ്ങൾ ഒഴിവാക്കണം എന്നുള്ള ഒരു യൂണിഫൈഡ് ലിസ്റ്റ് ഉണ്ടാക്കിത്തരണം എന്നാണ്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചെയ്തത് നമ്മൾ ഫോളോ ചെയ്യും. അത് ഫോളോ ചെയ്യണ്ട, ഇഷ്ടംപോലെ ഓരോ സംസ്ഥാനത്തിനും ചെയ്യാം എന്നാണ് പറയുന്നതെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം നിശ്ചയമായും പരിശോധിക്കാം.

<u>ശ്രീ. പി.കെ.കെ. ബാവ</u> : സർ, ഖാദി മേഖലയിലെ വ്യവസായങ്ങൾ തകർച്ച നേരിടുകയാണ്. ഇതിൽനിന്നും ഈ വ്യവസായത്തെ രക്ഷിക്കുന്നതിന് ഗവൺമെന്റും ധനകാര്യവകുപ്പുമന്ത്രിയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ഖാദി വ്യവസായങ്ങൾ മാത്രമല്ല വൻകിട വ്യവസായങ്ങൾവരെ തകരാൻ പോകുകയാണ്. കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസിന്റെ പ്രമേയം ബഹുമാനപ്പെട്ട അംഗങ്ങൾ വായിച്ചിരിക്കും. കംപ്ലീറ്റ് ഇമ്പോർട്ട് എല്ലാ കൺസ്യൂമർ ഗുഡ്സിലും വരുമ്പോൾ ഹെവി ഇൻഡസ്ട്രീസ്.....കൺസ്യൂമർ ഗുഡ്സുണ്ടാക്കുന്ന എല്ലാ പ്രൊഡക്ടീവ് ഇൻഡസ്ട്രീസും, ഇൻഡീജിനിയസ് ഇൻഡസ്ട്രീസും വലിയ ക്രൈസിസ്സിനെ അഭിമുഖീകരിക്കുകയാണ്. ഖാദി വ്യവസായം ഉണ്ടാക്കുന്നതായാലും വില്ലേജ് ഇൻഡസ്ട്രീസ് ഉണ്ടാക്കുന്നതായാലും അത് സംബന്ധിച്ച് ഇൻഡ്യാ ഗവൺമെന്റ് ആക്ടിൽ പറഞ്ഞിട്ടുണ്ട്. ആ സാധനങ്ങളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഈ നികുതിയിൽനിന്നും ഒഴിവാക്കുകയാണ്. കൂടുതൽ ഇനങ്ങൾ ചേർത്താണ് മറ്റെല്ലാ സംസ്ഥാനങ്ങളിലും ചെയ്യുന്നത്. ആ ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ച് മന്ത്രിമാരുടെ കഴിഞ്ഞ മീറ്റിംഗിൽ എന്റെ നിർദ്ദേശം മിനിറ്റ് ചെയ്തിട്ടുണ്ട്. നാളത്തെ മീറ്റിംഗിലും ഞാനത് റെയ്സ് ചെയ്യും. സ്പെസിഫൈ ചെയ്ത് ഇന്നയിന്ന ഐറ്റംസ് ഖാദി ഇൻഡസ്ട്രീസാണെന്നു പറഞ്ഞാൽ നമുക്ക് യൂണിഫൈ ചെയ്യാമല്ലോ. അല്ല ഓരോ ഗവൺമെന്റിനും തോന്നുന്നമാതിരി ഖാദി വ്യവസായങ്ങൾ ഒഴിവാക്കാം എന്നുപറയുമ്പോൾ നമുക്ക് ആലോചിച്ചു ചെയ്യാം; യാതൊരു സംശയവുമില്ല. ഖാദി വ്യവസായത്തെ രക്ഷിക്കാൻ .....വീട് വിഴുങ്ങാൻ വരുന്ന പിശാചിന്റെ മുമ്പിൽ വാതിൽ ഏതാണ് അടയ്ക്കേണ്ടത് എന്ന് തർക്കിച്ചിട്ടു വല്ല കാര്യവുമുണ്ടോ?

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : സർ, ശ്രീ. പി.കെ.കെ. ബാവയുടെ രണ്ടാമത്തെ ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ ശരിയാണ്. വൻകിട വ്യവസായങ്ങളും ഇടത്തരം വ്യവസായങ്ങളും എല്ലാംതന്നെ ഇപ്പോഴത്തെ ഉദാരവൽക്കരണത്തിന്റേയും പുതിയ സാമ്പത്തിക നയത്തിന്റേയും ഫലമായി തകർച്ചയിലേക്ക് പോകുകയാണ്. അതുവച്ചു നോക്കുമ്പോൾ ഖാദി വ്യവസായങ്ങളെ നമ്മൾ ശക്തമായിട്ട് പിന്തുണച്ചില്ലെങ്കിൽ ഇത് വാനിഷ് ചെയ്തുപോകുന്ന സ്ഥിതിയിലേക്ക് പോകും. 21 വ്യവസായങ്ങളുടെ ലിസ്റ്റ് 'ഡി' ചോദ്യത്തിനു മറുപടിയിൽ തന്നിട്ടുണ്ട്. അതു പരിശോധിച്ചാൽത്തന്നെ അങ്ങേയ്ക്ക് മനസ്സിലാക്കാൻ സാധിക്കും; ആ വ്യവസായങ്ങൾക്ക് പലതിനും ഇപ്പോൾ കാലിക പ്രസക്തിയില്ല. തീപ്പെട്ടി, പനംചക്കര, കൈക്കടലാസ്, ചുണ്ണാമ്പ് ഉൽപ്പന്നങ്ങൾ ഇതുപോലുള്ളവയൊക്കെ അതിൽ ചേർത്തിട്ടുണ്ട്. ഈ തൊഴിൽ മേഖലകളിലൊക്കെ വളരെ കുറച്ച് ആളുകളേയുള്ളൂ. ആ വ്യവസായം തന്നെ പ്രതിസന്ധിയിലാണ്. ഇവിടെ കുറച്ച് നവീകരണം വന്ന ഇനങ്ങളാണ് പി.വി.സി, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, ഇലക്ട്രോണിക് വ്യവസായങ്ങൾ, അലൂമിനിയം കൊണ്ടുള്ള വീട്ടുപകരണങ്ങൾ തുടങ്ങിയവ. ഈ വ്യവസായ മേഖലയിൽ സബ്സിഡിയോ അല്ലെങ്കിൽ ടാക്സ് എക്സംപ്ഷനോ കൊടുത്തില്ലെങ്കിൽ മറ്റ് വ്യവസായങ്ങളുമായി മൽസരിച്ച് നിൽക്കാൻ ഇവർക്ക് സാധിക്കില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു സ്റ്റേറ്റിന് ഫ്ളെക്സിബിലിറ്റി ഉണ്ടാകാൻ പോകുന്നു, ഫിനാൻസ് മിനിസ്റ്റേഴ്സ് മീറ്റിംഗിൽ അക്കാര്യം പറഞ്ഞുവെന്ന്. ഏതായിരുന്നാലും ശരി, അത് അനുവദിച്ചാലും ഇല്ലെങ്കിലും ശരി, ഇക്കാര്യത്തിൽ നമ്മൾ എന്തെങ്കിലും ചെയ്തിട്ടില്ലായെങ്കിൽ ഒട്ടും ശരിയാകില്ല. ഈ വ്യവസായങ്ങളെക്കൂടി ഇതിൽ ഉൾപ്പെടുത്തിയില്ലായെങ്കിൽ ഇതു നിലനിൽക്കില്ല എന്നത് വ്യക്തമാണ്. ആ കാര്യം ഗൗരവമായി പരിഗണിക്കണം.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുന്നു. കാരണം ഇതാകെ രക്ഷപ്പെടുകയില്ല. തുടച്ചു നീക്കപ്പെടും. അതിനെ രക്ഷിക്കാനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളും. ഇതിൽ ഒരുകാര്യം മനസ്സിലാക്കേണ്ടത് ഇപ്പോൾ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസിന് കൊടുക്കുന്ന കൺസെഷൻസ് 7 വർഷത്തേയ്ക്കോ or until full production is commenced – എന്നാണ്. ഏഴു വർഷത്തേയ്ക്ക് എല്ലാ കൺസെഷനുമുണ്ട്. ടാക്സില്ല. ഇൻഡസ്ട്രീസിനു കൊടുത്ത കൺസെഷൻസാണ്. All those concessions ഉടൻ നിർത്തൽ ചെയ്യണമെന്നാണ് Unification of floor rates-ൽ പറയുന്നത്. ഇപ്പോൾ കൺസെഷൻ അനുവദിക്കുന്നത് അനുഭവിക്കുന്നവർ അനുഭവിച്ചോട്ടെ. And even Khadi, I

LIBRARY ARCHIVES Kerala Legislative Assembly

don't know..... അതിനുംകൂടി കൊടുക്കാൻ പറ്റില്ലെന്നാണ് ഇവർ പറയുന്നത്. സഭ അറിയാൻ വേണ്ടി പറയുകയാണ്. മാത്രമല്ല 11-ാം ധനകാര്യ കമ്മിഷൻ ജൂൺ 30-ാം തീയതി റിപ്പോർട്ട് തരേണ്ടതാണ്. സ്റ്റേറ്റ് ഗവൺമെന്റിനോട് ചോദിച്ചിട്ടാണല്ലോ ഫിനാൻസ് കമ്മിഷൻ ടേംസ് ഓഫ് റഫറൻസുണ്ടാക്കുന്നത്. ഇൻഡ്യയിൽ ആരോടും ചോദിക്കാതെ 28.4.2000-ൽ പ്രസിഡൻഷ്യൽ പ്രൊക്ലമേഷൻ വഴി ടേംസ് ഓഫ് റഫറൻസ് പുതുതായി കൊടുത്തിട്ടുണ്ട്. സെൻട്രൽ ഗവൺമെന്റ് കൊണ്ടുവരുന്ന സബ്സിഡിയെ സംബന്ധിച്ചുള്ള ഫിസ്ക്കൽ പോളിസീസ് സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിയിട്ടുണ്ടോ, അതോ അവഗണിച്ചിട്ടുണ്ടോ എന്ന് നോക്കാൻ ഒരു മോണിറ്ററിംഗ് സംവിധാനം ശുപാർശ ചെയ്യണമെന്നും Article 265 of the Constitution പ്രകാരമുള്ള സെൻട്രൽ ഗവൺമെന്റ് ഡയറക്ഷനായി ഇതെടുക്കണമെന്നും, അത് അവഗണിച്ചാൽ 365 ഇൻവോക്ക് ചെയ്യാമെന്നുമാണ് ആർട്ടിക്കിൾ 365-ൽ പറയുന്നത്. ഗവൺമെന്റ് പിരിച്ചുവിടലുൾപ്പെടെയുള്ള ഗൗരവമായ ഒരു സംഗതി ടേംസ് ഓഫ് റഫറൻസിൽ കൊണ്ടുവന്നു. എല്ലാ മുഖ്യമന്ത്രിമാരും പാർട്ടി വ്യത്യാസമില്ലാതെ അതിശക്തമായി ഇതിനെ എതിർത്തു. എൻ.ഡി.എ.യിൽപ്പെട്ട മുഖ്യമന്ത്രിമാർവരെ അതിശക്തമായി ഇതിനെ എതിർത്തു. കാരണം ഇത് സംസ്ഥാനത്തിന്റെ ഫെഡറൽ ആട്ടോണമിക്കെതിരായുള്ള വലിയ കടന്നുകയറ്റമല്ലേ? അങ്ങനെയാണ് കാര്യങ്ങൾ നിൽക്കുന്നത്. ഏതായാലും ഒരുകാര്യം പറയാം. കഴിഞ്ഞ അസംബ്ലിയിൽത്തന്നെ ആശങ്കയുള്ള ഒരു കാര്യം പറഞ്ഞത് ഞാൻ പറയുകയാണ്. കുറേ സംഗതികൾ..കാർഷിക വിഭവങ്ങളായ തേങ്ങ, കൊപ്ര എന്നിവയെ സംബന്ധിച്ച് അസംബ്ലിയിൽ പറഞ്ഞതാണ്. അതു മുഴുവൻ നീക്കം ചെയ്തു. അതെല്ലാം ചെയ്തുവെങ്കിലും ഖാദി വ്യവസായത്തെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. ഖാദി വ്യവസായത്തെ സംബന്ധിച്ച് അവസാന തീരുമാനം നാളെയെടുക്കാമെന്നാണ് ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. നാളെയെടുത്തില്ലായെങ്കിൽ നിശ്ചയമായും If they are going out of the track, I will also go out of the track.

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : ഖാദി കമ്മിഷൻ, ദേശസാൽകൃത ബാങ്കുകൾ, സംസ്ഥാന ഗവൺമെന്റ് ഇവ മൂന്നുമാണ് ഖാദി ഗ്രാമ വ്യവസായങ്ങളുടെ ഫണ്ടിംഗ് സംവിധാനം എന്നുപറയുന്നത്. അതിൽ സംസ്ഥാന ഗവൺമെന്റിന്റെ കാര്യമിരിക്കട്ടെ. ദേശസാൽകൃത ബാങ്കുകളെ സംബന്ധിച്ചിടത്തോളം ഇടത്തരം വ്യവസായങ്ങളോടുതന്നെ പുച്ഛമാണെന്നകാര്യം ബഹുമാനപ്പെട്ട മന്ത്രിക്കുമറിയാം. ഖാദി ഗ്രാമവ്യവസായങ്ങളെന്നു കേൾക്കുമ്പോൾ വളരെ പുച്ഛമായ സമീപനമാണ് ദേശസാൽകൃത ബാങ്കുകൾ എടുക്കുന്നത്. ഖാദി കമ്മിഷൻ യഥാസമയം ഫണ്ട് കൊടുക്കാത്തതിന്റെ ഫലമായി വ്യക്തിഗത സ്ഥാപനങ്ങളാണെങ്കിലും, കോ-ഓപ്പറേറ്റീവാണെങ്കിലും ഖാദി മേഖലയിലുള്ളവ വളരെ പ്രതിസന്ധിയിലാണ്. Matching Grant - പോലും യഥാസമയം കൊടുക്കാത്ത പ്രശ്നമുണ്ട്. ഇതുരണ്ടും സ്റ്റേറ്റ് ഗവൺമെന്റുമാത്രം വിചാരിച്ചിട്ട് കാര്യമില്ല. ഖാദി കമ്മിഷൻ യഥാസമയം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുക. ചിറ്റമ്മനയം അവസാനിപ്പിക്കുക. ദേശസാൽകൃത ബാങ്കുമായും ഖാദി കമ്മിഷനുമായുള്ള ഡിസ്ക്കഷനിൽ ഇതിന്റെ ഗൗരവം ഗവൺമെന്റ് വേണ്ടത്ര ഉന്നയിച്ചിട്ടുണ്ടോ? ഇതിൽ എന്താണ് ചെയ്യാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ.ടി.ശിവദാസമേനോൻ</u> : നാഷണലൈസ്ഡ് ബാങ്കുകളും കൊമേഴ്സ്യൽ ബാങ്കുകളും, ഷെഡ്യൂൾഡ് ബാങ്കുകളുമൊക്കെ കേരളത്തോട് ചിറ്റമ്മനയമാണ് കാണിക്കുന്നത്. കാരണം C.D. Ratio has come down to 37%. 37

LIBRARY ARCHIVES Kerala Legislative Assembly

ശതമാനമാണ് സി.ഡി റേഷ്യോ ഇവിടെന്ന് ഡെപ്പോസിറ്റ് വാങ്ങുന്ന 63 ശതമാനം തുകയും വെളിയിൽ കൊണ്ടുപോയി കൊടുക്കുന്നു 37 ശതമാനമാണ് ഇവിടെ അഡ്വാൻസ് ചെയ്യുന്നത്. സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റി (എസ്. എൽ.ബി.സി) യോഗങ്ങളിൽ ഞാൻ നേരിട്ട് പങ്കെടുത്തിട്ടുണ്ട്. അവരോട് അഭ്യർത്ഥിച്ചിട്ടുണ്ട്; ഓരോരുത്തർക്കും കത്തെഴുതിയിട്ടുമുണ്ട്. ചില ബാങ്കുകൾ ഇംപ്രൂവ് ചെയ്തുവരുമ്പോൾ ചില ബാങ്കുകൾ താണുവരികയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ക്രെഡിറ്റ്, അതുപോലെ എയിഡ്, ഇതെല്ലാം.....ഏതായാലും ഒരു കാര്യം ഞാൻ പറയാം നാളത്തെ യോഗത്തിൽ something will crystallize. അതിനുശേഷം ഗവൺമെന്റ് ഈ വ്യവസായങ്ങളെ രക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റിന്റെ കോൺസ്റ്റിറ്റ്യൂഷണൽ പരിധിയിൽപ്പെട്ട എല്ലാം ചെയ്യും.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : മറ്റ് സംസ്ഥാനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഖാദി ഉൽപ്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്ത് വരുമ്പോൾ അതിന് എൻട്രി ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ അത് ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചാൽ നമ്മുടെ സംസ്ഥാനത്തിലെ ഖാദി ഉൽപ്പന്നങ്ങൾ കൂടുതൽ ആകർഷകമായ വിലയ്ക്ക് വിൽക്കാൻ സാധിക്കുമോ?

<u>ശ്രീ. ടി. ശിവദാസമോനോൻ</u> : എൻട്രി ടാക്സ് ആക്ട് അനുസരിച്ച് കമ്മോഡിറ്റിക്കാണ് ടാക്സ്. ഏതെല്ലാം കമ്മോഡിറ്റിക്ക് വേണമെന്ന് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പന കേന്ദ്രങ്ങളിൽ സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാർ റെയ്ഡ് ചെയ്യുന്നതായിട്ടുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഖാദി മേഖലയിൽ എങ്കിലും ഇത്തരം റെയ്ഡുകൾ ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഏത് സെയിൽസ്ടാക്സ് അസസ്സിയുടെ കടകളിലും സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർക്ക് പരിശോധിക്കാൻ അവകാശമുണ്ട്. അതൊക്കെ റെയിഡായിട്ടാണ് കണക്കാക്കുന്നത്, അത് പരിശോധനയാണ്. ഡി.ഇ.ഒ. ഓഫീസിൽനിന്നും ഇൻസ്പെക്ട് ചെയ്യാൻ അവകാശമുണ്ട്. അപ്പോൾ സ്കൂൾ റെയ്ഡ് ചെയ്തുവെന്നുപറഞ്ഞാൽ ശരിയാണോ? ഇൻസ്പെക്ട് ചെയ്യുകയാണ്. Whether the money voted by this Assembly is properly spent അവിടെ ഗവൺമെന്റിനുവേണ്ടി പിരിച്ചുവയ്ക്കുന്ന..... they are only trustees- ഗവൺമെന്റിനുവേണ്ടി പിരിക്കുന്ന പൈസ അതായത് സെയിൽസ്ടാക്സ്, അതായത് കളക്ട് ചെയ്ത ടാക്സ് ഏൽപ്പിക്കേണ്ട... They are only temporary trustees. അതു തരുന്നുണ്ടോ എന്നു നോക്കാൻ, അവിടെ പോയി രേഖകൾ പരിശോധിച്ചാൽ അതിന് റെയ്ഡ് എന്ന പേരാണ് വ്യാപകമായി പറയുന്നത്. അത് ഇൻസ്പെക്ഷനാണ്. ഖാദി ബോർഡ് അസ്സസി ആകുമ്പോൾ ഇൻസ്പെക്ട് ചെയ്തിട്ടുണ്ടാകും. പിന്നെ ഇൻസ്പെക്ഷന്റെ പേരിൽ ഹരാസ്മെന്റുണ്ട്. അതിനെ സംബന്ധിച്ച് വ്യക്തിപരമായ പരാതി കിട്ടിയാൽ തീർച്ചയായും ഉന്നതനിലവാരത്തിൽ അന്വേഷണം നടത്തി ഹരാസ്മെന്റിനു മുതിരുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ തക്കതായ ശിക്ഷണനടപടികളെടുക്കും. അങ്ങനെ പരാതി കിട്ടിയതിന്റെ പേരിൽ സസ്പെന്റ് ചെയ്തിട്ടുമുണ്ട്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : ഖാദി മേഖലയിലെ വ്യവസായങ്ങൾക്ക് ഗവൺമെന്റ് നൽകുന്ന നികുതി ഇളവുകളെക്കുറിച്ച് പറഞ്ഞു. അതുപോലെ വളരെ പ്രധാനപ്പെട്ടതാണ് അവരുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ മാർക്കറ്റ്ചെയ്യാനുള്ള ബുദ്ധിമുട്ട്. വളരെ കുറഞ്ഞ കൂലി കിട്ടുന്നവരാണ് ഇവിടുത്തെ തൊഴി

LIBRARY ARCHIVES Kerala Legislative Assembly

ലാളികൾ. അവർക്ക് ഗവൺമെന്റ് കൊടുക്കേണ്ട ഖാദി റിബേറ്റ് ഗവൺമെന്റ് കൊടുക്കേണ്ടതാണ്. കുടിശ്ശിക മാത്രമായി 569.61 ലക്ഷം രൂപയാണ് ഏറ്റവും അവസാനത്തെ ദിവസം വരെയുള്ളത് കൊടുക്കാനുള്ളത്. അതുപോലെതന്നെ 12,892 തൊഴിലാളികളാണ് ഖാദി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളത്. ക്ഷേമനിധിയിലേക്ക് ഗവൺമെന്റ് കൊടുക്കേണ്ട ഗ്രാന്റ് 2 കോടി 44 ലക്ഷത്തിചിലാനം രൂപയാണ്. അത് ഗവൺമെന്റ് കൊടുക്കേണ്ട കുടിശ്ശികയാണ്. ഇതു കൊടുക്കാത്തതിന്റെ ഫലമായി ഈ യൂണിറ്റുകളൊക്കെ വമ്പിച്ച തകർച്ചയിലാണ്. അതുകൊണ്ട് അടിയന്തിരമായും റിബേറ്റ് കുടിശികയിനത്തിലുള്ളതുകയും അംശദായത്തിന്റേയും മറ്റും സംഖ്യയുംകൂടി കൊടുക്കാനുള്ള നടപടി ഗവൺമെന്റ് എടുക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ബഹുമാനപ്പെട്ട മെമ്പർ റ്റിൽ ഡേറ്റ് എത്ര റിബേറ്റ് ബാക്കിയുണ്ട്, ക്ഷേമനിധിക്ക് കൊടുക്കാനുള്ള ഗവൺമെന്റിന്റെ ഷെയർ എത്ര ഉണ്ട് എന്നൊക്കെ പറഞ്ഞു. അത് പരിശോധിക്കാം. പക്ഷേ അത് എത്ര വർഷത്തെ അക്യുമുലേറ്റഡ് കുടിശ്ശികയാണ് എന്ന് പറഞ്ഞില്ല. എത്ര വർഷത്തേതാണ് കൊടുക്കാനുള്ളത്? അക്യുമുലേറ്റഡ് എമൗണ്ട് എന്നു പറഞ്ഞ് രക്ഷപ്പെടാമെന്നും ഭാവമില്ല. അത് പരിശോധിച്ച് വേണ്ട രീതിയിൽത്തന്നെ കഴിയുന്നുംവേഗം അവർക്ക് എത്തിക്കും. ഇത് അക്യുമുലേറ്റഡ് ആണ്. It is not for one or two years അക്യുമുലേറ്റഡായിട്ട് വരുന്നതാണ്. അത് സംഖ്യ ഒന്നിച്ചുവരും. അങ്ങനെ അക്യുമുലേറ്റഡായിട്ട് കയറിനുണ്ടായിരുന്നു. കൈത്തറിക്കുമുണ്ടായിരുന്നു. അതെല്ലാം അവനവനെക്കൊണ്ട് കഴിയുന്ന രീതിയിൽ കൊടുത്തു. ഇത് ഒരു ഗവൺമെന്റിന്റേയും കുറ്റമല്ല. Government is a continuous body. അല്ലാതെ മറ്റേ ഗവൺമെന്റ്, ഈ ഗവൺമെന്റ്.....എൽ.ഡി.എഫും-ഉം യു.ഡി.എഫും ഭരിച്ച കാലത്തെ ബാക്കിയുണ്ടാകും. 'എഫ്' മാറി 'എൽ' എന്നു പറഞ്ഞിട്ടു കാര്യമില്ല.

കശ്. ആർ. ബാലകൃഷ്ണ പിള്ള : സർ, ഇവിടെ ഖാദിയെപ്പറ്റിയാണ് ചോദിച്ചതെങ്കിലും അങ്ങ് ജനറലായിട്ട് സെയിൽസ് ടാക്സിന്റെ മറ്റു സംസ്ഥാനങ്ങളിലെ താരതമ്യപഠനം പറഞ്ഞു. അതുകൊണ്ട് ചോദിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തേക്കാൾ വളരെകുറച്ച് നികുതി മാഹിപോലുള്ള സ്ഥലങ്ങളിലുള്ളതുകൊണ്ട് നമ്മുടെ വിദേശ മദ്യം അതുപോലെ മോട്ടോർ സ്പെയർ പാർട്ട്സ്. മോട്ടോർ കാർ ഇതിന്റെയൊക്കെ വില വളരെ വർദ്ധിച്ചിരിക്കുന്നു. കേരളത്തിൽ വിൽക്കുന്ന കാറിനേക്കാൾ 60,000 രൂപവരെ മാഹിയിൽ കാറിന് വില കുറവാണ്. ആ വാഹനങ്ങൾ ഇങ്ങനെ കൊടുക്കുന്നത് രണ്ടു കാരണത്താലാണ്. ഒന്ന്, മോട്ടോർ വെഹിക്കിൾ ടാക്സ് ഒന്നിച്ച് 16 കൊല്ലം അടയ്ക്കണമെന്ന് പറഞ്ഞതുകൊണ്ട്; രണ്ട്, 4 ശതമാനം അവിടെ നികുതിയുള്ളപ്പോൾ ഇവിടെ നികുതി 12 ശതമാനമാണ് വലിയ നഷ്ടം നമ്മുടെ സർക്കാരിന് ഈ കാര്യത്തിലുണ്ടാകുന്നു. എത്രയൊക്കെ ശ്രമിച്ചാലും ഇത് എൻട്രി ടാക്സ് വച്ച് പിടിക്കാനൊന്നും കഴിയുന്നില്ല. കാരണം ഇന്ത്യയിലെ മോട്ടോർ വാഹന നിയമം ആ രീതിയിലാണ്. ഒന്നുകിൽ കേന്ദ്രത്തിലെ ഏകീകരണത്തിന്റെ അടിസ്ഥാനത്തിൽ അവിടെകൂടി ഈ നികുതി വർദ്ധിപ്പിക്കുക, അല്ലെങ്കിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ മോട്ടോർ വെഹിക്കിൾ ടാക്സിന് തമിഴ്നാട്ടിലും കർണാടകത്തിലും കേരളത്തിലുമുള്ള ഈ വ്യത്യാസം അവസാനിപ്പിക്കുക; പഴയതുപോലെ രണ്ടുകൊല്ലമെന്നോ അല്ലെങ്കിൽ 5 കൊല്ലം വരെയോ ഉള്ള നിയമമോ കൊണ്ടുവരിക. നാല് ശതമാനവും 12 ശതമാനവും എന്നുള്ളത് ആറോ എട്ടോ വന്നാലും വലിയ കുഴപ്പമില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം ശ്രദ്ധിച്ചില്ലായെങ്കിൽ നികുതിയിനത്തിൽ വലിയ നഷ്ടമുണ്ടാകും എന്നുള്ള കാര്യത്തിൽ സംശയമില്ല. അതിനെ അങ്ങ് ദയവായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി നികുതി ഒഴിവാക്കിക്കുക; അല്ലെങ്കിൽ ഇത് ഏകീകരിപ്പിക്കുക.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ഇതാണ് ഞാൻ പലതവണ ആവർത്തിച്ചത്. ഫ്ളോർ റേറ്റ്സ് ഏകീകരിക്കുന്ന നിയമം ഇപ്പോൾ പോണ്ടിച്ചേരി, ബീഹാർ എന്നീ രണ്ടു സ്റ്റേറ്റുകളിൽ മാത്രമാണ് കൊണ്ടുവരാത്തത്. അതിൽ പോണ്ടിച്ചേരി ഇപ്പോൾ ഇതുസംബന്ധിച്ച് ഓർഡിനൻസ് കൊണ്ടുവന്നു, കാരണം ഒരാഴ്ചക്കുള്ളിൽ കൊണ്ടുവരണമെന്ന് നിർദ്ദേശം വന്നു, അല്ലെങ്കിൽ പ്ലാൻ കട്ട് ചെയ്യാൻ നടപടിയെടുക്കുമെന്നാണ്. ബീഹാറിനോടും പ്ലാൻ കട്ടുചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ബീഹാർ ഇത് 50 ശതമാനം ലാപ്സാക്കിയവരാണ്, അവർക്ക് 25 ശതമാനം കട്ടുചെയ്താൽ വല്ല കുഴപ്പവുമുണ്ടോ? അവർ ഇപ്പോഴും ഓർഡിനൻസ് കൊണ്ടുവന്നിട്ടില്ല. പോണ്ടിച്ചേരി ഓർഡിനൻസ് കൊണ്ടുവന്നിട്ടുണ്ട്. പോണ്ടിച്ചേരി കൊണ്ടുവന്നതിൽത്തന്നെ പല സാധനങ്ങൾക്കും നികുതി ഇപ്പോഴും ഫ്ളോർ റേറ്റിന് താഴെയാണ്. ഉദാഹരണത്തിന് തമിഴ്നാട്ടിൽ 12 ശതമാനം നികുതിയുള്ളതിന് പോണ്ടിച്ചേരിയിലും 12 ശതമാനമാക്കുക എന്നതിനെക്കുറിച്ചാണ് നാളെ ചർച്ച ചെയ്യാൻ പോകുന്നത്. ഒരുകാര്യം ഞാൻ ഉറപ്പുതരാം, കേരളത്തിൽനിന്നും ട്രേഡ് ഷിഫ്റ്റ് ചെയ്ത് മറ്റു സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോയി നമ്മുടെ നികുതി വരുമാനം കുറയ്ക്കുന്ന യാതൊരു ഇടപാടും നമ്മൾ സമ്മതിക്കാൻ പോകുന്നില്ല.

<u>ശ്രീ. എം.വി. ജയരാജൻ</u> : ഖാദി വ്യവസായങ്ങളെ സംരക്ഷിക്കാൻ വേണ്ടി, നികുതിയിളവിന്റെ മാത്രം പ്രശ്നമല്ല ഇപ്പോൾ ദേശീയ പ്രസ്ഥാനത്തിന്റെ തന്നെ പ്രതീകമാണ് നൂൽനൂൽപ്പും നെയ്ത്തും എല്ലാം. ആ ഖാദി വ്യവസായങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളും ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളും വാങ്ങുന്നില്ല എന്നതുകൊണ്ട് ഖാദി വ്യവസായം ഗുരുതരമായ ഒരു പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. പയ്യന്നൂർ ഖാദി കേന്ദ്രം കഴിഞ്ഞ കുറേ മാസക്കാലമായി അടച്ചുപൂട്ടിയിരിക്കുകയാണ്. അതുകൊണ്ട് ഇവിടെനിന്നും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വാങ്ങണമെന്ന വ്യക്തമായ നിർദ്ദേശം ടൂറിസം, ആരോഗ്യം ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾക്ക് ഗവൺമെന്റ് നൽകുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ഇന്ന് 10,000-ൽചിലാനം തൊഴിലാളികൾ പണിയെടുക്കുന്ന ഒരു വലിയ ഖാദി കേന്ദ്രമാണ് പയ്യന്നൂർ ഖാദി സെന്റർ. വളരെ പാരമ്പര്യമുള്ള ഒരു വലിയ സ്ഥാപനമാണിത്. ആ സ്ഥാപനം ഇന്ന് സ്തംഭനാവസ്ഥയിലാണ്. അതിനൊരുകാരണം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അതിന്റെ മാർക്കറ്റ് tie up ആണ്. ഗവൺമെന്റ് വാങ്ങുന്ന സാധനങ്ങളെങ്കിലും അവിടെനിന്നും വാങ്ങിയാൽ അത് രക്ഷപ്പെടും. അതുസംബന്ധിച്ച് ചർച്ച ചെയ്ത് ആ രീതിയിൽ നിർദ്ദേശം കൊടുക്കാനുള്ള നടപടി തുടരുകയാണ്. കഴിഞ്ഞ രണ്ടാഴ്ച മുമ്പാണ് അവർ അത് സംബന്ധിച്ച് ഡിസ്ക്കസ് ചെയ്തത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> . സർ, പട്ടികയിൽ പറഞ്ഞ 21 ഇനങ്ങൾക്കൊഴികെ ബാക്കി എല്ലാ ഖാദി വ്യവസായങ്ങൾക്കും സംസ്ഥാനത്ത് ടാക്സ് ഏർപ്പെടുത്തിയിരിക്കുകയാണ്. നികുതി ഏകീകരണത്തിന്റെ പേരുപറഞ്ഞാണ് ജനുവരി ഒന്നുമുതൽ അങ്ങ് ഇത് ചെയ്തത്. ഞങ്ങൾ അന്ന് എതിർത്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട് അവിടെയുള്ള എല്ലാ ഖാദി വ്യവസായങ്ങൾക്കും നികുതി എക്സംപ്റ്റുചെയ്ത ഓർഡർ ഞാൻതന്നെ ഈ നിയമസഭയിൽ വച്ചതാണ്. ഇപ്പോൾ അവിടെയുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്ത് വിൽക്കുകയാണ്. ഉദാഹരണമായി പഴയ സാധനങ്ങൾ കൊണ്ടുണ്ടാക്കുന്ന ചെരുപ്പ്, അക്കാര്യം ശ്രീ. ബാലൻ വൈദ്യർക്കൊക്കെ നല്ലപോലെ അറിയാം. അതിനിവിടെ ടാക്സുണ്ടായിരുന്നില്ല. നിങ്ങൾ അതിന് നാല് ശതമാനം ടാക്സ് ഏർപ്പെടുത്തി. കമ്പ്യൂട്ടർ സോഫ്റ്റ് വെയറിന് ഈ സംസ്ഥാനത്ത് ടാക്സുണ്ടായിരുന്നു. നികുതി ഏകീകരണത്തിന്റെ പേരുപറഞ്ഞ് കമ്പ്യൂട്ടർ സോഫ്റ്റ് വെയറിനെ ഷെഡ്യൂൾ മൂന്നിലേക്ക് മാറ്റി നികുതി എക്സംപ്റ്റു ചെയ്തുകൊടുത്തു. അതിന് മറ്റ് സംസ്ഥാനങ്ങളിൽ നികുതിയുണ്ട്. ഇതിന്റെ ഫലമായി നമ്മുടെ ഖാദി ഗ്രാമ വ്യവസായം മുഴുവൻ പൂട്ടുകയാണ്. അതുകൊണ്ട് അയൽ സംസ്ഥാനങ്ങൾ ചെയ്യുന്നതെങ്കിലും ചെയ്യാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ!

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് റെയ്സ് ചെയ്ത ഈ പ്രശ്നം ഗവൺമെന്റും അതേ സ്പിരിറ്റിൽത്തന്നെ എടുക്കുകയാണ്. ഇവിടെ ഏകീകരണമല്ല, 0, 4, 8, 12, 20 എന്നിങ്ങനെ ഫ്ളോർ റേറ്റ് നിശ്ചയിച്ചിരിക്കുകയാണ്. ഫ്ളോർ റേറ്റിന് താഴെ വന്നതെല്ലാം ഫ്ളോർ റേറ്റാക്കുക, ഇത് എല്ലാ സംസ്ഥാനങ്ങളും അംഗീകരിച്ചതാണ്; 29 മുഖ്യമന്ത്രിമാരും ഒപ്പിട്ടതാണ് - 25 സംസ്ഥാനങ്ങളും 4 കേന്ദ്രഭരണ പ്രദേശങ്ങളും. It is a commitment. എന്നിട്ട് അതിപ്പോൾ ആക്കിയില്ലായെന്നുപറഞ്ഞാൽ We will take our decision to the best interest of the State. അതിനെന്താണ് സംശയം? ഒന്നുകിൽ obey ചെയ്യുക അല്ലെങ്കിൽ defy ചെയ്യുക, ഇതിൽ രണ്ടിലൊന്ന് തീരുമാനിക്കും.

<u>ശ്രീ. പി. രാജു</u> : സർ, ഖാദി ഉൽപ്പന്നങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു തീരുമാനമുണ്ടാകുന്നതുവരെ .....ഇതിൽ പ്രധാനമായും ഞങ്ങളുടെയൊക്കെ പ്രദേശത്തുള്ള ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ഖാദി കമ്മിഷന്റെ കീഴിലുള്ള ഗാന്ധി സ്മാരക കേന്ദ്രങ്ങളെല്ലാം പൂട്ടിയിട്ടിരിക്കുകയാണ്. അവരുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഇതിനൊരു തീരുമാനമുണ്ടാകുന്നതുവരെ ഈ ഉൽപ്പന്നങ്ങളെ രണ്ടോ മൂന്നോ വർഷത്തേയ്ക്ക് നികുതിയിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ഇതു സംബന്ധിച്ച മീറ്റിംഗ് നാളെ നടക്കുകയാണ്. നാളത്തെ മീറ്റിംഗ് കഴിഞ്ഞ് Government will take a proper decision to save all these things. എന്തെങ്കിലും സംശയമുണ്ടോ? നാളത്തെ ആ മീറ്റിംഗിനുമുമ്പ് നമ്മൾ fait-accompli ആയി നിയമവും പാസ്സാക്കിയിട്ട് പോകുന്നത് ശരിയാണോ? ആ ഡീസൻസി നമ്മൾ പാലിക്കണ്ടേ? അതുകൊണ്ടാണ്.

<u>ശ്രീ. വി. ബാലറാം</u> : സർ, കേരളത്തിൽ ഏറ്റവും കുറച്ച് മുതൽമുടക്കിൽ മനുഷ്യശക്തി ഉപയോഗിച്ച് കൂടുതൽ പേർക്ക് തൊഴിൽ അവസരങ്ങൾ കൊടുക്കുന്ന ഒരു മേഖലയാണ് ഖാദി മേഖല. ഖാദി ഗ്രാമ വ്യവസായ കമ്മിഷന്റെ 21 വ്യവസായങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, ഇപ്പോൾ 119 വ്യവസായങ്ങൾ ഖാദി കമ്മിഷൻ അംഗീകരിച്ചിട്ടുണ്ട്. 119 വ്യവസായങ്ങളെ മാറ്റിനിർത്തി 21 വ്യവസായങ്ങൾക്കുമാത്രം ഇങ്ങനെ കൊടുക്കാൻ തീരുമാനമുണ്ടായത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി അറിയിക്കണം. രണ്ടാമത്തെ കാര്യം, ഒരുതവണ പൈസ അടച്ചില്ലായെങ്കിൽ അതിന്റെ മുകളിൽ പിഴപ്പലിശ വരികയാണ്. പിഴപ്പലിശ ഒഴിവാക്കാനുള്ള അധികാരം സ്റ്റേറ്റ് ഗവൺമെന്റിനുണ്ട്. ഈ പിഴപ്പലിശയെങ്കിലും ഒഴിവാക്കാനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഖാദി വ്യവസായത്തോട് യാതൊരു എതിർപ്പുമുണ്ടായിട്ടില്ല. അങ്ങനെയാണെങ്കിൽ ഒരേ ഉൽപ്പന്നത്തിന് എസ്. എസ്.ഐ.ക്ക് 8 ശതമാനവും ഖാദിക്ക് 4 ശതമാനവും വയ്ക്കുമോ? ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ആക്ടിലെ സെക്ഷൻ 3 അനുസരിച്ച് സെൻട്രൽ ഗവൺമെന്റിന് ലിസ്റ്റ് മാറ്റാനുള്ള ഒരു വകുപ്പുണ്ട്. ആക്ടിലെ പ്രൊവിഷൻ ഉപയോഗിച്ച് കുറേയെണ്ണം ഓരോ സ്റ്റേറ്റിലും ഉൾപ്പെടുത്തിയിരിക്കുകയാണ്. നമ്മൾ ആ ഒറിജിനൽ ആക്ടിലുള്ളത് എടുത്തു. എന്തെങ്കിലുമൊരു മാനദണ്ഡം വേണ്ടേ? ഇനി അവർ എല്ലാം ഉൾപ്പെടുത്തുകയാണെങ്കിൽ the State Government in the best interest of the State, will take a proper decision. യാതൊരു സംശയവും വേണ്ട.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, ബഹുമാനപ്പെട്ട മന്ത്രി വൻകിട വ്യവസായങ്ങൾക്കുപോലും പിടിച്ചുനിൽക്കാൻ കഴിയാത്ത സ്ഥിതിയുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചു. നമ്മുടെ തൊട്ടടുത്തുള്ള കർണാടകം, തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങൾ നികുതി ഒഴിവാക്കിയിട്ടുള്ള, അവർ ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്ന് കണ്ടമാനം വിൽപ്പന നടത്തുന്നതുകൊണ്ട് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന അത്തരം ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടെന്നുള്ളതുകൂടി കണക്കിലെടുത്ത് ഒന്നുകിൽ മറ്റ് സംസ്ഥാനങ്ങളെക്കൂടി നികുതി കെട്ടിക്കുക, അല്ലെങ്കിൽ ഇവിടെ അത്തരം സാധനങ്ങൾക്ക് നികുതി ഈടാക്കുന്നത് സംബന്ധിച്ച് വളരെ അവധാനതയോടുകൂടി പരിശോധിക്കുക, ഇതിൽ ഏതെങ്കിലുമൊരു നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഈ ചോദ്യമാണ് നിരവധി തവണയായി റിപ്പീറ്റ് ചെയ്യുന്നത്. അയൽ സംസ്ഥാനങ്ങളിൽ നികുതി താഴ്ത്തിവയ്ക്കുകയും അവിടുത്തെ ട്രേഡ് ഷിഫ്റ്റ് ചെയ്യുകയും ഇവിടുത്തെ വ്യവസായം തകർക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. ആ വ്യവസായങ്ങളിൽ ഒന്നുകിൽ അവർ നിയമം പാലിച്ച് ഫ്ളോർ റേറ്റിൽ വരണം, അല്ലെങ്കിൽ നമ്മുടെ വ്യവസായത്തെ രക്ഷിക്കാൻ ഏതു റേറ്റാണെന്നുവച്ചാൽ അത് നമ്മൾ സ്വീകരിക്കും, അത് നാളെ തീരുമാനിക്കും.

ഡോക്ടർ ശ്യാമസുന്ദരൻ നായർ കമ്മിറ്റി റിപ്പോർട്ട്

3 (*63)ശ്രീ. തമ്പാനൂർ രവി :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. ബാബു :

ശ്രീ. എ.കെ. മണി :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയന്റെ ആഭിമുഖ്യത്തിൽ വയൽ നികത്തലിനെതിരെ സമരം നടത്തിയതിനെത്തുടർന്ന് വയലിൽ ചെയ്യേണ്ട കൃഷിയെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ .....

ധനാഭ്യർത്ഥന ഏസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ : ഓർഡർ .....ഓർഡർ ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 ജൂൺ മാസം 22-ാം തീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 9.37ന് സഭ പിരിഞ്ഞു.)

അനുബന്ധം I

(21-6-2000-ത്തിലെ ചോദ്യം 2 (*62)-ന്റെ മറുപടി ദയവായി കാണുക.)

1. തീപ്പെട്ടി, പടക്കം, അഗർബത്തി, എന്നിവയുടെ നിർമ്മാണം
2. സോപ്പുനിർമ്മാണം
3. തുകൽ ഊറയിടുന്നതും ബന്ധപ്പെട്ട വ്യവസായങ്ങളും
4. തുകൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം
5. കൈകൊണ്ടുണ്ടാക്കുന്ന പേപ്പർ
6. ശർക്കരയുടെയും പഞ്ചസാരയുടെയും നിർമ്മാണം
7. ചാണകത്തിൽ നിന്നു. മറ്റുമാലിന്യങ്ങളിൽനിന്നും ഉണ്ടാക്കുന്ന വളത്തിന്റേയും മീതെയിൽ ഗ്യാസിന്റേയും നിർമ്മാണം
8. കയറുൽപ്പന്നങ്ങളുടെ നിർമ്മാണം
9. ഷെലാക്ക് നിർമ്മാണം
10. പച്ചക്കറി, പഴം ഉൽപ്പന്നങ്ങളുടെ നിർമ്മാണം
11. മുളകൊണ്ടും ചൂരൽകൊണ്ടും ഉള്ള വസ്തുക്കളുടെ നിർമ്മാണം
12. ഫർണിച്ചർ ഒഴികെകൊല്ലപ്പണി കൊണ്ടുണ്ടാക്കുന്ന വസ്തുക്കളുടെ നിർമ്മാണം
13. ഫർണിച്ചർ ഒഴികെ ആശാരിപ്പണികൊണ്ടുണ്ടാക്കുന്ന വസ്തുക്കളുടെ നിർമ്മാണം
14. കയർ ഒഴികെ നാരുകൾ കൊണ്ടുള്ള വസ്തുക്കളുടെ നിർമ്മാണം
15. അലൂമിനിയം കൊണ്ടുള്ള വീട്ടുപകരണങ്ങളുടെ നിർമ്മാണം
16. ചോളം കൊണ്ടും റാഗികൊണ്ടുമുള്ള വസ്തുക്കളുടെ നിർമ്മാണം
17. റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം (റബ്ബർ ബാൻഡ്, ഗ്ലൗസ്, ബലൂൺ തുടങ്ങിയ ലാറ്റക്സ് ഉൽപ്പന്നങ്ങൾ)
18. പന ഉൽപ്പന്നങ്ങളുടെ നിർമ്മാണം
19. മൺപാത്ര നിർമ്മാണം
20. തേൻ ഉൽപ്പാദനം
21. ഗനി ഓയിൽ നിർമ്മാണം

അനുബന്ധം II

(21.06.2000 -ത്തിലെ ചോദ്യം 3(*63)-ന്റെ മറുപടി ദയവായി കാണുക.)

ശുപാർശകൾ

1. സംസ്ഥാനത്തിന്റെ ആവശ്യത്തിനുള്ള എല്ലാ ഭക്ഷ്യവസ്തുക്കളും ഉൽപ്പാദിപ്പിക്കുന്നതിനുള്ള കഴിവ് എന്ന അർത്ഥത്തിൽ കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly